# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 334 — 15.03.2018- ലെ മറുപടിക്ക്

## സഹകരണ നയം

**ചോദ്യം**
**ശ്രീ. പി.ടി.എ. റഹീം**
**ശ്രീമതി. പി. അയിഷാ പോറ്റി**
**ശ്രീ.ആർ. രാജേഷ്**
**ശ്രീ.ജെയിംസ് മാത്യു**

**മറുപടി**
**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) അംഗങ്ങൾക്ക് നേട്ടമുണ്ടാകുന്നതോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനവും അതുവഴി സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും ലക്ഷ്യമാക്കി കരട് സഹകരണനയത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(എ) സഹകരണനയത്തിന്റെ കരട് തയ്യാറാക്കി 2018 ഫെബ്രുവരിയിൽ കണ്ണൂരിൽ വച്ച് നടന്ന 8-ാമത് സഹകരണ കോൺഗ്രസ്സിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തി. സഹകരണനയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ സഹകരണ സംഘങ്ങൾ വഴി സഹകാരികൾക്ക് നേട്ടമുണ്ടാകുന്നതോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനവും അതുവഴി സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും ലക്ഷ്യമാക്കി സഹകരണ കോൺഗ്രസ്സിൽ താഴെപ്പറയുന്ന പ്രധാന നിർദ്ദേശങ്ങൾ ചർച്ച ചെയ്തു.

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുക നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തി വരുന്ന സഹകരണ കോൺഗ്രസ്സ് 3 വർഷം കൂടുമ്പോൾ നടത്തുക.

കേരള സംസ്ഥാന സഹകരണ ബാങ്കിനേയും (കെ.എസ്.സി.ബി) 14 ജില്ലാ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ പുന:സംഘടിപ്പിക്കുക. ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിലൂടെ സാങ്കേതിക വിദ്യ പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവത്ക്കരണം എന്നിവ

കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കൂടുതൽ ആദായകരമായും ജനോപകാരപ്രദമായും പ്രവർത്തിക്കുക. പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക, കാർഷിക/കാർഷികാനുബന്ധ വായ്പ ഇപ്പോഴത്തെ 10% എന്നതിൽ നിന്നും അടുത്ത 2 വർഷത്തിനുള്ളിൽ 25% വും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50% വും ആക്കുക, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ (പി.സി.എ.ആർ.ഡി.ബി.എസ്) ദീർഘകാല സഹകരണ വായ്പാ ഘടനയെ (എൽ.റ്റി.സി.സി.എസ്) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50% എങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക. പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹനം നൽകുക. കൂടാതെ പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പെക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക, മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യം സമ്പാദിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക. നിലവിലുള്ള എല്ലാ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളെയും ശക്തമാക്കുക. ഉപഭോക്തൃ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ അംഗമാകുന്നതിന് അവസരം നൽകുക. തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക, ഉൽപാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക, സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീകളുടെ

ശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും ചർച്ച ചെയ്യപ്പെട്ടു.

(ബി) ഗ്രാമ സമ്പദ് വ്യവസ്ഥയുടെ അടിത്തറയായ കാർഷിക മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി, നിലവിൽ പത്ത് ശതമാനം മാത്രമുള്ള കാർഷിക വായ്പയുടെ പങ്ക് വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകുമോ:

(ബി) ഉണ്ട്.

നിലവിലെ കാർഷിക വായ്പാ 10% എന്നതിൽ നിന്ന് അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ കാർഷികാനുബന്ധ വായ്പ ഉൾപ്പെടെ 25% ഉം തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50% ആക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ സഹകരണ കോൺഗ്രസ്സിൽ ചർച്ച ചെയ്തു.

(സി) ചെറുകിട സംരംഭങ്ങൾ വഴിയും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള സംരംഭങ്ങൾ വഴിയും ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിനായി നേതൃത്വം നൽകുന്നതിന് സഹകരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

(സി) കൈത്തറി കയർ ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിൽ കൂടുതൽ മാന്യതയുള്ള തൊഴിലുകൾ സൃഷ്ടിച്ചുകൊണ്ടും ചെറുകിട സംരംഭങ്ങൾ വഴിയും കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവിലൂടെ പ്രാദേശികധനം സമ്പാദിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനം മാറ്റിക്കൊണ്ടും ദുർബല വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വനിത സംഘങ്ങളുടെ വികസനത്തിലൂടെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളിലെ അംഗങ്ങളുടെ നൈപുണ്യ നിലവാരം ഉയർത്തുന്നതും, സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിനും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നടപടി സ്വീകരിക്കുക, ഭിന്നലിംഗ വിഭാഗത്തിന് പ്രത്യേക പരിഗണനയുമായി സഹകരണ പ്രസ്ഥാനം ആരംഭിക്കുക എന്നിവയും സഹകരണ കോൺഗ്രസിൽ ചർച്ച ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**